കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള ജലപാതകൾ

8 [*163] ശ്രീ. എ. സി. മൊയ്തീൻ:
ഡോ. തോമസ് ഐസക്:
ശ്രീ. പി. ജയരാജൻ:

,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ജലപാതകൾ ഏവ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിക്കും എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) ഏതെല്ലാം ജലപാതകളുടെ പണി പൂർത്തിയായിട്ടുണ്ട്; കരാർ അനുസരിച്ച് ഓരോന്നിന്റെയും പണി എന്നത്തേക്ക് പൂർത്തിയാക്കേണ്ടതാണ്;

(ഇ) പൂർത്തിയാകാത്ത ജലപാതകളുടെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി, ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം എന്നീ ജലപാതകളാണ് കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഏകദേശം 12.5%. പുരോഗതി ഇതുവരെ കൈവരിച്ചിട്ടുണ്ട്.

(സി) മൂന്നു ജലപാതകൾക്കും കൂടി ആകെ 60,90,63,075 രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഒന്നിന്റെയും പണികൾ പൂർത്തിയായിട്ടില്ല. കരാർ അനുസരിച്ച് പണികൾ 9-9-2005-ൽ പൂർത്തിയാക്കേണ്ടതായിരുന്നു.

(ഇ) ഈ പദ്ധതിയുടെ കരാർ ഭഗീരഥ ഇൻജിനീയറിംഗ് ലിമിറ്റഡ് എന്ന കമ്പനിക്കാണ് കൊടുത്തിരുന്നത് എന്നാൽ ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി വളരെ മോശമായതിനാൽ ഇതിന്റെ പണികളുടെ മേൽനോട്ട ചുമതലയുള്ള റൈറ്റ്സ് എന്ന സ്ഥാപനം കരാർ അവസാനിപ്പിക്കാൻ ശുപാർശ ചെയ്യുകയും അതിൻ പ്രകാരം ഇതിന്റെ കരാർ 16-8-2005-ലെ നോട്ടീസിൻ പ്രകാരം അവസാനിപ്പിക്കുകയും ചെയ്തു. അവശേഷിക്കുന്ന പണികളിൽ വളരെ അത്യാവശ്യമായ ചില പാലങ്ങളും മറ്റും ഡിപ്പാർട്ടുമെന്റിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ജൂൺ 2006-നു മുമ്പ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള അനുവാദം നൽകുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവ കൂടാതെയുള്ള മറ്റ് പണികൾ പൂർത്തീകരിക്കുന്നതിനെക്കുറിച്ചും എത്രയും പെട്ടെന്ന് ഒരു തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly